**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1374** **08-12-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നീണ്ട് പോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റെയിൽവേയിൽ നിന്നും ജി.എ.ഡി (ജനറൽ അറൈൻജ്മെന്റ് ഡ്രോയിംഗ്) അംഗീകാരം ലഭിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായതിനു ശേഷമാണ് ടെൻഡർ നടപടികളുമായി മുമ്പോട്ടു പോകുന്നത്. ജി.എ.ഡി. അംഗീകരിക്കുന്നതിൽ കാലതാമസം, ഭൂമി കൈമാറുന്ന വിഷയത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് എൻ.ഒ.സി. ലഭിക്കുന്നതിലുള്ള താമസം, സ്ഥലമെടുപ്പ് നടപടി വൈകുക എന്നീ കാരണങ്ങളാലാണ് പ്രധാനമായും സംസ്ഥാനത്തെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നീണ്ടു പോകുന്നത്. |
| (ബി) | പ്രസ്തുത നിർമ്മാണ ചെലവിനായി സംസ്ഥാന സർക്കാർ വിഹിതം നൽകാത്തതാണ് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കിഫ്ബി വഴി നടപ്പാക്കുന്ന മേൽപ്പാലങ്ങൾക്ക് സംസ്ഥാന വിഹിതം കിഫ്ബി വഴി ലഭ്യമാക്കിയിട്ടുണ്ട്. എൽ.സി. 12, 36 എന്നീ ആർ.ഒ.ബി കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനുള്ള വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | ലെവൽ ക്രോസ് രഹിത കേരളം പദ്ധതിയ്ക്കായി നബാർഡിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കെ-റെയിലിന് കൈമാറിയിട്ടുണ്ടോ? | (സി) | ലെവൽ ക്രോസ് രഹിത കേരളം പദ്ധതിയ്ക്കായി നബാർഡിൽ നിന്നും തുക ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ